നൽകിവന്നിരുന്നത്. പിന്നീട് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പിൽ ലത്തീൻ ക്രിസ്ത്യൻ/പരിവർത്തിത ക്രിസ്ത്യാനികൾ എന്നിവരെക്കൂടി ഉൾപ്പെടുത്തുകയും 80:20 എന്ന അനുപാതത്തിൽ സ്കോളർഷിപ്പുകൾ നൽകുകയുമാണ് ചെയ്തുവന്നിരുന്നത്. ബഹു. ഹൈക്കോടതിയുടെ WP(C) No 24355/2020-ലുള്ള 28-5-2021-ലെ വിധിന്യായ പ്രകാരം സ്കോളർഷിപ്പുകളിലെ 80:20 അനുപാതം റദ്ദ് ചെയ്യുകയും ജനസംഖ്യാനുപാതികമായി എല്ലാ ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകുന്നതിന് നിർദ്ദേശിക്കുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ ജനസംഖ്യാനുപാതികമായി വിതരണം ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പാക്കുന്ന കുടിവെള്ള പദ്ധതി

135 (3162) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് അതത് ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതോറിറ്റി മുഖേന പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കുന്ന വിശദമായ എസ്റ്റിമേറ്റുകൾ, ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശമാണെന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാക്ഷ്യപത്രം എന്നിവ അടങ്ങിയ പ്രൊപ്പോസലുകൾ വകുപ്പിന് ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഭരണാനുമതി നൽകുകയാണ് ചെയ്യുന്നത്. തുടർന്ന് പദ്ധതി തുക നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുന്നു.

ചട്ടങ്ങൾ രൂപീകരിക്കുന്നതിൽ കാലതാമസം

136 (3163) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭ പാസ്സാക്കിയ നിയമങ്ങളിൽ ഏതിനെങ്കിലും ചട്ടങ്ങൾ രൂപീകരിക്കാൻ ബാക്കിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്ര നിയമങ്ങൾക്ക് ചട്ടങ്ങളാകേണ്ടതുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly